**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2909** **25-06-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ സ്ഥലം മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടേയും അസി.കൺസർവേറ്റർമാരുടേയും സ്ഥലംമാറ്റത്തിനായി ലക്ഷങ്ങൾ കോഴ ഇടപാട് നടന്നുവെന്ന ഇൻറലിജൻസ് വിവരത്തെ തുടർന്ന് സ്ഥലം മാറ്റത്തിനായി തയ്യാറാക്കിയ പട്ടിക വെട്ടിച്ചുരുക്കിയെന്ന പത്രവാർത്ത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വാർത്തയുടെ സത്യാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനം വകുപ്പിലെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്/ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (നോൺ-കേഡർ) തസ്തികകളുടെ നിയമന അധികാരി സർക്കാരാണ്. ടി തസ്തികകളിലെ നിയമനവും, സ്ഥലം മാറ്റവും നടത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായതാണ്. അതിനാൽ തന്നെ, ടി തസ്തികകളിലെ സ്ഥലം മാറ്റ ശിപാർശകൾ അതേപടി അംഗീകരിക്കാനുള്ള ബാധ്യത സർക്കാരിനില്ല. ഭരണപരമായ സൗകര്യം മുൻ നിർത്തി ശിപാർശകൾ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുകയാണ് ചെയ്യുന്നത്. |
| (ബി) | നിലവിൽ 6.6.2024 -ൽ 254/2024 നമ്പരായി ഇറക്കിയ സ്ഥലം മാറ്റ ഉത്തരവിൽ ഒരു ഡിവിഷനിൽ 3 വർഷമോ അതിലധികമോ തുടർച്ചയായി ജോലിനോക്കിയവർ എത്രയെന്ന് വ്യക്തമാക്കുമോ; ഈ സ്ഥലംമാറ്റപട്ടികയിൽ എത്ര പേരാണ് 3 വർഷത്തിൽ താഴെ ഒരു ഓഫീസിൽ ജോലി നോക്കിയവർ ഉള്ളതെന്നും അവരെ സ്ഥലംമാറ്റാനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | ടി ഉത്തരവ് പ്രകാരം സ്ഥലം മാറ്റിയ ഉദ്യോഗസ്ഥരിൽ 03 വർഷം തുടർച്ചയായി ജോലി നോക്കിയവർ ആരും തന്നെയില്ല. എല്ലാവരും 03 വർഷത്തിൽ താഴെ ഉള്ളവരാണ്. ഭരണപരമായ സൗകര്യാർത്ഥമാണ് ടി സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) | മൂന്ന് വർഷത്തിലധികമായി ഒരു സ്ഥലത്ത് ജോലി നോക്കുന്നവർ അതത് സ്ഥലത്ത് തുടരുകയും ചിലരെ മാത്രം ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റുകയും ചെയ്ത നടപടി കോഴ ആരോപണം എന്ന വാർത്തയെ ബലപ്പെടുത്തുന്നതാകയാൽ പ്രസ്തുത നടപടി പരിശോധിക്കുമോ; വിശദാംശം നൽകുമോ; നിലവിൽ വനം വകുപ്പിൽ ഒരു തസ്തികയിൽ മൂന്ന് വർഷത്തിൽ അധികമായി ഒരു സ്ഥലത്ത് ജോലി നോക്കുന്നവരുടെ പേര് വിവരം ലഭ്യമാക്കാമോ; | (സി) | ഭരണപരമായ സൗകര്യാർത്ഥമാണ് സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്. മൂന്ന് വർഷത്തിൽ അധികമായി ഒരു സ്ഥലത്തു ജോലി നോക്കുന്ന ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്/ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് -മാരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.ശ്രീ.അനസ്.എം.എ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (SIP) തൃശ്ശൂർ<br><br>2.ശ്രീ.ശൈലേഷ്, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം), തിരുവനന്തപുരം<br><br>3.ശ്രീമതി.സുമി ജോസഫ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ലയ്സൺ ഓഫീസർ, എറണാകുളം |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാന തസ്തികകളിലേക്ക് നടത്തുന്ന നിയമനങ്ങളെല്ലാം സാമ്പത്തിക തിരിമറിക്ക് വിജിലൻസ് അന്വേഷണം നേരിടുന്നവരും വകുപ്പ് തല അന്വേഷണം നേരിടുന്നവരും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇത്തരം നിയമനങ്ങൾ നടത്തി വകുപ്പിനെ വിവാദത്തിലേക്ക് തള്ളി വിടുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | മേൽ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ